**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **29-07-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലും എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ 7 ഫാക്ടറികളും സ്വകാര്യ മേഖലയിൽ 145 ഫാക്ടറികളും നിലവിലുണ്ട്. പൊതുമേഖലയിലെ 7 ഫാക്ടറികളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികളും ഉൾപ്പെടുന്നു. |
| (ബി) | 2020-21 കാലഘട്ടത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ എത്ര ദിവസം പ്രവർത്തിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) | 2020-21 കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികൾ 89 ദിവസവും കാപ്പക്സിന്റെ കീഴിലുള്ള 2 ഫാക്ടറികളിൽ പെരിനാട് ഫാക്ടറി 117 ദിവസവും പെരുമ്പുഴ ഫാക്ടറി 142 ദിവസവും പ്രവർത്തിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ ശരാശരി 150 ദിവസങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ